Uncorrected/Not for publication

14-10-2026

Point of Order

ക്രമപ്രശ്നം

ബില്ലിലെ അപാകത

ശ്രീ. വി. കെ. സനോജ്: സർ, 2026-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സഭയുടെ പരിഗണനയ്ക്ക് വരുമ്പോൾ ബില്ലിലെ ഭരണഘടനാവിരുദ്ധവും സുപ്രീം കോടതി വിധികളുടെ ലംഘനവുമായ വ്യവസ്ഥകൾക്കുമേൽ റൂളിങ് ആവശ്യപ്പെട്ടുകൊണ്ട് ഈ ക്രമപ്രശ്നം ഉന്നയിക്കുന്നു. ബില്ലിൽ കൂട്ടിച്ചേർക്കുന്ന 17 എ വകുപ്പ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച താൽക്കാലിക ജീവനക്കാർക്ക് അവരുടെ സൂപ്പറാന്വേഷൻ വരെ സർക്കാർ ജീവനക്കാരുടേതിനു സമാനമായ എല്ലാവിധ അവകാശങ്ങളും പരിരക്ഷയും നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിശ്ചിത സർവീസ് കാലാവധി പൂർത്തീകരിക്കാത്തവരോ തുടർച്ചയായി സർവീസ് ഇല്ലാത്തവരോ ഈ രീതിയിൽ സ്ഥിരപ്പെടുന്നത് നിയപരമല്ലെന്ന സുപ്രീം കോടതി വിധിയുടെ ലംഘനമാണ് ഇത്. ഇന്ത്യൻ ഭരണഘടനയുടെ 320-ാം അനുച്ഛേദം അനുശാസിക്കുന്ന പി.എസ്.സി. മുഖേനയുള്ള സുതാര്യ

Point of Order

നിയമനപ്രക്രിയയിലൂടെ വന്ന ഉദ്യോഗസ്ഥരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വന്ന ഉദ്യോഗസ്ഥരെയും ഒരേ തട്ടിൽ കാണുന്നത് ഭരണഘടനയുടെ 14, 16 എന്നീ അനുച്ഛേദങ്ങളുടെ നഗ്നമായ ലംഘനമാണ്. State of Karnataka vs. Umadevi കേസിൽ ഭരണഘടനാ ബെഞ്ച് വ്യക്തമാക്കിയത് സുതാര്യമായ നിയമനപ്രക്രിയയിലൂടെയല്ലാതെ എംപ്ലോയ്മെന്റ് എക്സചേഞ്ച് വഴിയോ അല്ലാതെയോ വരുന്ന താൽക്കാലിക ജീവനക്കാർക്ക് സ്ഥിര നിയമനമോ തുല്യ അവകാശങ്ങളോ നൽകുന്നത് ഭരണഘടനാവിരുദ്ധമാണ് എന്നാണ്. Official Liquidator vs. Dayanand & Ors. കേസിലും ഇതേ കാര്യം സുപ്രീം കോടതി ആവർത്തിച്ചിട്ടുണ്ട്. കൂടാതെ, ബില്ലിലെ കൂട്ടിച്ചേർക്കുന്ന 22 എ വകുപ്പ് പ്രകാരം മറ്റ് സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ബോർഡിന് കൈമാറാൻ വ്യവസ്ഥ ചെയ്യുന്നു. ബില്ലിലെ 7-ാം ഖണ്ഡം വഴി കൂട്ടിച്ചേർക്കുന്ന 7 എ വകുപ്പിലെ ഉപഖണ്ഡം പ്രകാരം സംസ്ഥാന മാരിടൈം ലാൻഡ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയും സ്ഥാവരവസ്തുക്കളും പ്രയോജനപ്പെടുത്തി സംയോജിത ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആസൂത്രണം

ചെയ്യാനും നടപ്പിലാക്കാനും ബോർഡിന് അധികാരമുണ്ട്. കൂടാതെ, ഉപഖണ്ഡം (ഇസഡ് കൃ) പ്രകാരം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന തുറമുഖേതര ഭൂമികളുടെ ഉൽപാദനപരമായ ഉപയോഗത്തിനായും ഇത്തരം സംയോജിത ടൗൺഷിപ്പുകൾ നിർമ്മിക്കുവാൻ നിർദേശിക്കുന്നുണ്ട്. ബില്ലിലെ 7 എ (പി) ഉപഖണ്ഡത്തിൽ പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിക്കണമെന്ന് പൊതുവായി അവകാശപ്പെടുന്നുണ്ടെങ്കിലും തീരദേശത്തെയും തുറമുഖപരിധിയിലെയും ഭൂമി ഉപയോഗിച്ച് ടൗൺഷിപ്പുകൾ പോലുള്ള വൻകിട വാണിജ്യ നിർമ്മാണങ്ങൾ നടത്താൻ ബോർഡ് അധികാരം നൽകുന്നത് പ്രായോഗികമായി കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിനും തീരദേശ പരിപാലന നിയമങ്ങൾക്കും വിരുദ്ധമാകുമെന്ന് ഉറപ്പാണ്. ഈ ഭൂമി ഉപയോഗിച്ച് കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമം, 1986-നും വിരുദ്ധമായി സംയോജിത ടൗൺഷിപ്പുകൾ ആസൂത്രണം ചെയ്യാനുള്ള അധികാരം ബോർഡ് നൽകുന്നത് ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റ് വ്യവസ്ഥകളെ മറികടക്കുന്നതും കേരള ഭൂമിപതിവ് നിയമത്തെ നോക്കുകുത്തിയാക്കി മാറ്റുന്നതുമാണ്. ഇതിനുപുറമെ

Point of Order

11-ാം ഖണ്ഡം പ്രകാരം പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ മുപ്പത് വർഷത്തെ കരാർ കാലാവധി പൂർത്തിയാകുമ്പോൾ പുതിയ ടെൻഡർ ഇല്ലാതെതന്നെ നിലവിലുള്ള കൺസെഷനാണ് കാലാവധി ദീർഘിപ്പിച്ചു നൽകാൻ വ്യവസ്ഥ ചെയ്യുന്നത്. 2 ജി സ്പെക്ട്രം കേസിലുൾപ്പെടെ സുപ്രീം കോടതി ചൂണ്ടിക്കാണിച്ച പൊതുസ്വത്ത് വിതരണം ചെയ്യുന്നതിലെ സുതാര്യത മാനദണ്ഡങ്ങൾക്കും ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിനും വിരുദ്ധമാണ്. അവസാനമായി ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ സർക്കാരിന് യാതൊരു അധിക സാമ്പത്തികബാധ്യതയും സഞ്ചിതനിധിയിൽനിന്ന് ഉണ്ടാകില്ല എന്ന് രേഖപ്പെടുത്തിയിരിക്കെ 17 എ വകുപ്പ് പ്രകാരം താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് സമാനമായ സേവന വേതന ആനുകൂല്യങ്ങളും അവകാശങ്ങളും നൽകുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതാണ്. യഥാർഥ സാമ്പത്തിക ബാധ്യത മറച്ചുവച്ചുകൊണ്ടുള്ള ഈ ധനകാര്യ മെമ്മോറാണ്ടം സുതാര്യതയില്ലാത്തതും സഭാചട്ടങ്ങളുടെ ലംഘനവുമാണ്. നിയമസഭാ നടപടിചട്ടങ്ങളിലെ ചട്ടം 303 പ്രകാരം സുപ്രീം കോടതിയുടെ ഭരണഘടനാ

ബെഞ്ച് വിധികൾക്കും കേന്ദ്ര നിയമങ്ങൾക്കും വിരുദ്ധമായ ഈ ബില്ലിലെ പ്രസ്തുത വകുപ്പുകൾ സഭയിൽ പരിഗണിക്കാൻ നിയമസാധുതയില്ലെന്ന് രൂളിങ് നൽകണമെന്നും മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ ബില്ലിന് അവതരണാനുമതി നൽകരുതെന്നും അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നത്തിൽ ആദ്യത്തേത് പരിഭാഷയിൽ വന്ന ഒരു അപാകതയാണ്. അത് സബ്ജക്ട് കമ്മിറ്റിയിൽ പരിഹരിക്കാം. ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ കൃത്യമായി Section 17A - ൽ ' (1) Notwithstanding anything contained in this Act, all officers and employees who have obtained permanent appointment through the Kerala Public Service Commission or the Employment Exchange, against the vacancies in the various posts sanctioned .....' എന്ന് പറയുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ലഭിക്കുന്നത് രണ്ട് രീതിയിലുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ആറ് മാസത്തേയ്ക്ക് ജോലി ലഭിക്കുന്നവരുമുണ്ട്, പെർമെനന്റായി സെലക്ട്

ചെയ്യുന്നവരുമുണ്ട്. ഇതിൽ പെർമെനന്റ് അപ്പോയിന്റ്മെന്റ് എന്നത് ഇംഗ്ലീഷ് വേർഷനിലുണ്ട്. അത് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയപ്പോൾ കൃത്യമായി എഴുതിയില്ല, കേരള പബ്ലിക് സർവീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം എന്നു മാത്രമേ ചേർത്തിട്ടുള്ളൂ. അത് പെർമെനന്റ് ആണെന്നുള്ളത് സബ്ജക്ട് കമ്മിറ്റിയിൽ ഔദ്യോഗിക ഭേദഗതിയിലൂടെ ബില്ലിന്റെ മലയാളം വേർഷനിൽ മാറ്റം വരുത്താം. അങ്ങ് ചൂണ്ടിക്കാണിച്ചത് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ വന്ന തെറ്റാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, താൽക്കാലിക ജീവനക്കാർക്ക് പൂർണ്ണമായ പരിരക്ഷ നൽകാൻ സാധ്യമല്ല. പരിഭാഷയിൽ വന്ന പിശക് തിരുത്താവുന്നതാണ്.

ബില്ലിന്റെ 22 എ വകുപ്പ് പ്രകാരം ക്രമപ്രശ്നത്തിൽ പറയുന്നത് ഭൂമി ഏറ്റെടുക്കുകയും ടൗൺഷിപ്പ് കൊണ്ടുവരികയും ചെയ്യുമ്പോൾ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിലെയും തീരദേശ CRZ-ലെ നിയമങ്ങൾക്കും എതിരാകും എന്നാണ്. ആ നിയമങ്ങൾക്കനുസരിച്ച് മാത്രമേ എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കുകയുള്ളൂ. കാരണം, This House is not

competent to make a legislation which is inconsistent with the central legislation എന്നാണ്. ബില്ലിന്റെ 7 എ(പി)-ൽ 'തത്സമയം പ്രാബല്യത്തിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര, ദേശീയ, സംസ്ഥാന അധികാരികൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിയമപരമായ പാരിസ്ഥിതിക മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്നതിനൊപ്പം ബോർഡിന്റെ അധികാര പരിധിയിലുള്ള കടൽത്തീരം സംരക്ഷിക്കുകയും കടൽത്തീരപ്രദേശങ്ങളുടെ പരിസ്ഥിതി മെച്ചപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യും' എന്ന് കൃത്യമായി പറയുന്നുണ്ട്. മാത്രമല്ല, CRZ-നെ ലംഘിക്കാൻ ഈ നിയമത്തിനാകില്ല. കേന്ദ്ര പരിസ്ഥിതി നിയമത്തെയോ CRZ നിയമങ്ങളെയോ ലംഘിച്ചുകൊണ്ട് ഒരു നിയമം പാസ്സാക്കാനുള്ള competency ഈ ഹൗസിന് ഇല്ല. മാത്രമല്ല, ആ നിയമങ്ങളെല്ലാം അനുസരിക്കുമെന്ന് കൃത്യമായി സൂചിപ്പിച്ചിട്ടുമുണ്ട്. ആ നിയമങ്ങൾ അനുസരിച്ച് മാത്രമേ ടൗൺഷിപ്പ് ഉൾപ്പെടെ യാഥാർഥ്യമാക്കാൻ സാധിക്കുകയുള്ളൂ. പോർട്ടിന്റെ വികസനത്തിന് ടൗൺഷിപ്പ് ആവശ്യമാണ്. അപ്പോൾ മാത്രമേ വികസനം പൂർണ്ണമായ അർഥത്തിലെത്തുകയുള്ളൂ.

ടൗൺഷിപ്പ് ഒഴിവാക്കാൻ സാധിക്കില്ല. എന്നാൽ നിയമം അനുസരിച്ചുമാത്രമേ ടൗൺഷിപ്പ് പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. ബില്ലിലെ 111-ാം ഖണ്ഡം വഴി 22-ാം വകുപ്പിൽ വരുത്തുന്ന ഭേദഗതിയിലൂടെ ഇറമുഖ വികസനത്തിനുതകുന്നതിലേയ്ക്കായി കൂടുതൽ നിക്ഷേപ സാധ്യത വിലയിരുത്തി അധിക കാലാവധി നൽകുന്നതിനുള്ള വ്യവസ്ഥയാണ്. അതിലെ ആദ്യത്തെ ക്ലിപ്ത നിബന്ധന പ്രവർത്തിക്കുന്നത് ടെൻഡർ നടപടികളുടെ സമയത്താണ്. അതായത് ദീർഘിപ്പിച്ച കാലാവധി ടെൻഡർ വ്യവസ്ഥയുടെ ഭാഗമായി എല്ലാ ബിഡ്ഡർമാർക്കും മുൻകൂട്ടി അറിയാവുന്ന ഒരു സാഹചര്യം. മത്സരം തുല്യനിലയിൽത്തന്നെ നടക്കുന്നു. സുതാര്യതയ്ക്ക് ഭംഗം വരുന്നില്ല. പോർട്ടിന്റെ കാലാവധി 20 വർഷത്തേയ്ക്ക് വയ്ക്കുന്നത് ഉചിതമല്ല, ചിലപ്പോൾ അതിന് 30 വർഷം വേണ്ടിവരും. ഒരാൾക്ക് കിട്ടിക്കഴിഞ്ഞിട്ടല്ല അയാൾക്ക് ദീർഘിപ്പിച്ചുകൊടുക്കുന്നത്. രണ്ടാമത്തെ ക്ലിപ്ത നിബന്ധന നിലവിലുള്ള ഒരു കൺസോർഷ്യത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതാണ്. അത് സ്വയമേവ ഈ ബോർഡിന് ലഭിക്കുന്നില്ല. ബോർഡിന് കാലാവധി ദീർഘിപ്പിക്കാൻ മതിയായ കാരണങ്ങൾ ബോധ്യപ്പെടുകയും അത്

Point of Order

സർക്കാരിനെ അറിയിച്ച് സർക്കാരിന്റെ അംഗീകാരത്തോടുകൂടി കാലാവധി അവസാനിക്കുന്നതിന് ഒരു വർഷം മുൻപ് അപേക്ഷ നൽകിയിരിക്കണം. ഒരു എസ്റ്റാബ്ലിഷ്മെന്റ് വന്നു, മൂപ്പത് വർഷത്തേയ്ക്കുള്ള കൺസെഷൻ എഗ്രിമെന്റാണ്. മൂപ്പത് വർഷം കഴിഞ്ഞ് എല്ലാ എസ്റ്റാബ്ലിഷ്മെന്റും വന്നാൽ ആ കൺസെഷനയർക്ക് ഈ പീരിയഡ് കുറച്ചുകൂടി ദീർഘിപ്പിക്കണമെന്ന്, ഒരു കൊല്ലം മുൻപ് ആവശ്യപ്പെട്ടാൽ ബോർഡ് അത് പരിശോധിച്ച് ന്യായമാണെന്ന് തോന്നിയാൽ സർക്കാരിന് കൊടുക്കണം. സർക്കാരിന്റെ ശിപാർശയോടുകൂടി മാത്രമേ ആ കൺസെഷൻ പീരിയഡ് ദീർഘിപ്പിക്കാൻ സാധിക്കുകയുള്ളൂ. ആക്ടിലെ 70-ാം വകുപ്പ് പ്രകാരം ബോർഡിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പള വേതന ആനുകൂല്യങ്ങൾ ബോർഡിന്റെ പൊതുനിധിയിൽ നിന്നാണ് വഹിക്കുന്നത്. ഇതിലൂടെ സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാകില്ല. സർക്കാരിന്റെ ഫിനാൻഷ്യൽ ലയബിലിറ്റിയെക്കുറിച്ചാണ് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയേണ്ടത്. ബോർഡിന്റെ നിധിയിൽനിന്നുതന്നെയാണ് ഇക്കാര്യങ്ങൾക്കുവേണ്ടിയുള്ള തുക

ചെലവഴിക്കുന്നത്. ബഹു. അംഗം ആദ്യം ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. അക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽവച്ച് കറക്ട് ചെയ്യും. ബാക്കിയുള്ള ഒബ്ജക്ഷനുകൾ നിലനിൽക്കുന്നതല്ല.